## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

അടിയന്തിര ചോദ്യം നം. 3

16.12.2014-ൽ മറുപടിക്ക്

## തെരുവ് നായ്ക്കളുടെ കടിയേറ്റുള്ള മനുഷ്യജീവഹാനിയും അവയുടെ നിയന്ത്രണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തെരുവ് നായ്ക്കളുടെ ഉപദ്രവം അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്നതുമൂലം അവയുടെ കടിയേറ്റ് മനുഷ്യർ മരിക്കുന്നതും അതുമൂലം കുടുംബങ്ങൾ നിരാലംബരായിത്തീരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തെരുവ് നായ്ക്കൾ കടിക്കുന്നതു മൂലം ആളുകൾ മരിക്കുന്നത് എല്ലാകാലത്തുമുള്ള പ്രശ്നമാണ്. അതുമൂലമുള്ള മരണം അത്രയ്ക്കു വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. (പേവിഷബാധ ഏറ്റ് മരിച്ചവർ 2013-ൽ 11 പേരും, 2014-ൽ 10 പേരും ആണെന്നാണ് ലഭ്യമായ കണക്കുകൾ). എന്നാൽ നായ്കടി ഏൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിയമവും ബോംബെ ഹൈക്കോടതിയുടെ WP(C) No.6257/2006 പ്രകാരമുള്ള ഉത്തരവും ഈ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീം കോടതിയുടെ SLP(C) No.691/2009 ഉത്തരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേസിൽ സംസ്ഥാന സർക്കാർ ഇംപ്ലീഡിംഗ് ആപ്ലിക്കേഷൻ നൽകിയിരുന്നെങ്കിലും അപേക്ഷയിലെ ന്യൂനത കാരണം അത് പരിഗണിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസിൽ കക്ഷി ചേരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ നൽകിയ ഇംപ്ലീഡിംഗ് ആപ്ലിക്കേഷൻ സാങ്കേതികമായ പിഴവു കാരണം പരിഗണിച്ചിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ അപേക്ഷ ബഹു. സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) മനുഷ്യന് ഉണ്ടാകുന്ന ഏതൊരു രോഗത്തിനും ഫലപ്രദമായ ചികിത്സയുമായി ആധുനിക വൈദ്യശാസ്ത്രം മുന്നോട്ട് കുതിക്കുമ്പോൾ, പേപ്പട്ടിവിഷബാധ തലച്ചോറിനെ ബാധിച്ച് പേവിഷബാധ സ്ഥിരീകരിച്ചാൽ പിന്നീട് ആ മനുഷ്യജീവനെ ഒരു തരത്തിലും രക്ഷപ്പെടുത്തുവാൻ കഴിയില്ല എന്ന നിസ്സഹായാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) തെരുവ് നായ്ക്കളുടെ എണ്ണം അനിയന്ത്രിതമായി പെരുകിവരുന്ന സാഹചര്യത്തിൽ ഇവയുടെ എണ്ണം നിയന്തിക്കാൻ ഫലപ്രദമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | തെരുവ് നായ്ക്കളെ നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് വേണ്ടി രൂപ കൽപ്പന നടത്തിയിട്ടുള്ള എ.ബി.സി പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങളിലും സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും എ.ബി.സി പ്രോഗ്രാം നടപ്പുവർഷം തന്നെ ആരംഭിക്കുവാനും മറ്റ് മുനിസിപ്പാലിറ്റികളിൽ സ്വന്തം നിലയിലോ സമീപ ഗ്രാമപഞ്ചായത്തു കളുമായി ചേർന്ന് ക്ലസ്റ്റർ രൂപീകരിച്ച് എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിനുമാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. നഗരമാലിന്യങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറവിട |

മാലിന്യസംസ്ക്കരണ പദ്ധതികളിലൂടെ പരമാവധി കുറച്ചും തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുവാൻ പര്യാപ്തമാകുമെന്നതിനാൽ അതിനുള്ള നിർദ്ദേശങ്ങളും നഗരസഭകൾക്ക് നൽകിയിട്ടുള്ളതുമാണ്. സർക്കാർ എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിന് ഇതിനകം നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് മൃഗസംരക്ഷണ വകുപ്പും സന്നദ്ധ സംഘടനയായ സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത സംരഭമായി കെ.എസ്.യു.ഡി.പി യെ നോഡൽ ഏജൻസിയായി നിയമിച്ച് അനിമൽ ബർത്ത് കൺട്രോൾ & ആന്റി റാബിസ് പദ്ധതിയ്ക്ക് 31.7.14 ലെ സ.ഉ(സാധ)നം.1995/2014/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും സ്വന്തം നിലക്ക് പ്രോജക്ടുകൾ രൂപ കൽപന നടത്തി നടപ്പിലാക്കുന്നതിനും മറ്റിടങ്ങളിൽ സഹപഞ്ചായത്തുകളുമായി സംയുക്തമായി ചേർന്ന് എ.ബി.സി പ്രോഗ്രാം നടത്തുന്നതിനുമാണ് നിർദ്ദേശം നർകിയിട്ടുള്ളത്. 2015-16 വർഷത്തിൽ നാഷണൽ റാബീസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തിരുവനന്തപുരം,കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ ഒരു ലക്ഷം നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിന് 13/- കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് സംസ്ഥാന പ്ലാനിംഗ് ബോർഡ് രൂപ കൽപ്പന ചെയ്ത് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ